ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 13.10.2025 TIME : 07.25 PM

## പ്രധാന വാർത്തകൾ

1) ഇന്ത്യ-കാനഡ ഉഭയകക്ഷി ബന്ധത്തിന് ശക്തി പകർന്ന്, പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി, കനേഡിയൻ വിദേശകാര്യമന്ത്രി അനിത ആനന്ദ് ഇന്ന് ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി.

   Minister of Foreign Affairs of Canada Anita Anand called on Prime Minister Narendra Modi today in New Delhi. Mr Modi conveyed that her visit would contribute to ongoing efforts to impart new momentum to the India-Canada bilateral partnership.

2) നാല് ദിവസത്തെ സന്ദർശനത്തിനായി ഇന്ത്യയിലെത്തിയ മംഗോളിയൻ പ്രസിഡൻറ് ഖുറേൽസുഖ് ഉഖ്നയ്ക്ക് രാജ്യത്ത് ഊഷ്മള വരവേൽപ്.

   President of Mongolia Khurelsukh Ukhnaa today arrived in New Delhi on a four day visit to India.

3) കേന്ദ്രസർക്കാർ രാജ്യത്ത് നടപ്പാക്കിയ ചരിത്രപരമായ മൂന്ന് ക്രിമിനൽ നിയമങ്ങൾ നീതിന്യായ വ്യവസ്ഥയുടെ വേഗം കൂട്ടിയതായി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ.

   Home Minister Amit Shah has said that the three historic criminal laws implemented last year have made the judicial system faster, simpler, and more accessible.

4) സംസ്ഥാന വികസനത്തിനായി നവ കേരള വികസന ക്ഷേമ പഠന പരിപാടി നടപ്പാക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. മുനമ്പം കമ്മീഷൻ റിപ്പോർട്ടിന്മേൽ തുടർനടപടി സ്വീകരിക്കുമെന്നും മുഖ്യമന്ത്രി.

Kerala government will introduce Nava Keralam Citizen Response Program for the development of the state, says CM Pinarayi Vijayan.

5) രാജ്യത്തെ റീട്ടെയിൽ പണപ്പെരുപ്പം എട്ട് വർഷത്തിനിടയിലെ ഏറ്റവും താഴ്ന്ന നിരക്കിൽ.

Retail Inflation Drops to 1.54% in September, Lowest Since 2017.

6) സാമ്പത്തിക ശാസ്ത്രത്തിനുള്ള 2025 ലെ നൊബേൽ പുരസ്കാരം മൂന്ന് സാമ്പത്തിക വിദഗ്ധർ പങ്കിട്ടു.

The Nobel Prize in Economic for 2025 has been awarded to Joel Mokyr, Philippe Aghion, and Peter Howitt for their groundbreaking work on innovation and economic growth.

***************

**PM-CANADA FM (intro)**

പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി, കനേഡിയൻ വിദേശകാര്യമന്ത്രി അനിത ആനന്ദ് ഇന്ന് ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. ഇന്ത്യ-കാനഡ ഉഭയകക്ഷി പങ്കാളിത്തത്തിന് ആക്കം പകരാൻ കനേഡിയൻ വിദേശകാര്യമന്ത്രിയുടെ സന്ദർശനം സഹായിക്കുമെന്ന് പ്രധാനമന്ത്രി പറഞ്ഞു. വ്യാപാരം, ഊർജ്ജം, സാങ്കേതികവിദ്യ, കൃഷി തുടങ്ങിയ മേഖലകളിൽ ഇരു രാജ്യങ്ങളും തമ്മിലുള്ള സഹകരണം മെച്ചപ്പെടുത്തേണ്ടതിൻറെ ആവശ്യകതയും അദ്ദേഹം വ്യക്തമാക്കി. വിദേശകാര്യമന്ത്രി എസ് ജയശങ്കറുമായും അനിത ആനന്ദ് കൂടിക്കാഴ്ച നടത്തി. ഇന്ത്യ-കാനഡ ബന്ധം ഇക്കഴിഞ്ഞ മാസങ്ങളിൽ ക്രമാനുഗതമായി മെച്ചപ്പെടുകയാണെന്ന് ശ്രീ ജയശങ്കർ പറഞ്ഞു. ഇരുരാജ്യങ്ങൾക്കുമിടയിൽ മികച്ച രീതിയിലുള്ള പങ്കാളിത്തം പുനസ്ഥാപിക്കുന്നതിൽ ശുഭപ്രതീക്ഷയാണ് ഇന്ത്യയ്ക്കുള്ളത്. വ്യാപാരം,

നിക്ഷേപം, എഐ, ഊർജ്ജം, സിവിൽ ആണവ മേഖല, എന്നിവയിൽ സഹകരണം ശക്തിപ്പെടുത്തുന്നത് സംബന്ധിച്ച ചർച്ചകൾ കനേഡിയൻ വിദേശകാര്യമന്ത്രിയുമായി നടത്തിയതായും ശ്രീ ജയശങ്കർ പറഞ്ഞു.
(ഹോൾഡ്)

***************

**PREZ MANGOLIA - INDIA**

മംഗോളിയൻ പ്രസിഡൻറ് ഖുറേൽസുഖ് ഉഖ്ന നാല് ദിവസത്തെ സന്ദർശനത്തിനായി ഇന്ത്യയിലെത്തി. ഡൽഹി വിമാനത്താവളത്തിൽ എത്തിയ അദ്ദേഹത്തെ കേന്ദ്രസഹമന്ത്രി മുരളീധർ മൊഹോൾ സ്വീകരിച്ചു. മന്ത്രിമാരും ജനപ്രതിനിധികളും അടങ്ങുന്ന ഉന്നതതല സംഘവും മംഗോളിയൻ പ്രസിഡൻറിനൊപ്പമുണ്ട്. രാഷ്ട്രപതി ദ്രൗപദി മുർമുവുമായും പ്രധാനമന്ത്രി നരേന്ദ്രമോദിയുമായും അദ്ദേഹം കൂടിക്കാഴ്ച നടത്തും. ഇരുരാജ്യങ്ങൾക്കുമിടയിലെ ഉഭയകക്ഷി ബന്ധം സംബന്ധിച്ച നിർണായക ചർച്ചകൾ സന്ദർശനത്തിൻറെ ഭാഗമായി നടക്കും.

***************

**DAY AMIT SHAH (intro)**

കേന്ദ്രസർക്കാർ രാജ്യത്ത് നടപ്പാക്കിയ ചരിത്രപരമായ മൂന്ന് ക്രിമിനൽ നിയമങ്ങൾ, നീതി ഉറപ്പാക്കുന്നതിനുള്ള സുപ്രധാന ചുവടുവയ്പ്പാണെന്ന് ആഭ്യന്തര മന്ത്രി അമിത് ഷാ. ഈ നിയമങ്ങൾ നീതിന്യായ വ്യവസ്ഥയെ കൂടുതൽ ലളിതവും വേഗത്തിലുള്ളതും പ്രാപ്യവുമാക്കി മാറ്റിയതായും അദ്ദേഹം പറഞ്ഞു. പുതിയ ക്രിമിനൽ നിയമങ്ങൾ നടപ്പിലാക്കിയതിന് ഒരു വർഷം തികയുന്ന വേളയിൽ ജയ്പൂരിൽ നടന്ന പ്രദർശനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.
(ഹോൾഡ്)

***************

**BIHAR - NOTIFICATION**

ബീഹാറിലെ രണ്ടാം ഘട്ട നിയമസഭാ തിരഞ്ഞെടുപ്പിനുള്ള വിജ്ഞാപനം തിരഞ്ഞെടുപ്പ് കമ്മീഷൻ പുറപ്പെടുവിച്ചു . 20 ജില്ലകളിലെ 122 നിയമസഭാ മണ്ഡലങ്ങളിലാണ് നവംബർ 11 ന് രണ്ടാംഘട്ട വോട്ടെടുപ്പ്. ഈ മാസം 20 വരെ പത്രിക സമർപ്പിക്കാം. ഒന്നാംഘട്ട വോട്ടെടുപ്പ് നവംബർ ആറിനും, വോട്ടെണ്ണൽ 14 നും നടക്കും. സ്ഥാനാർത്ഥി പ്രഖ്യാപനത്തിനുള്ള അന്തിമഘട്ട ഒരുക്കത്തിലാണ് രാഷ്ട്രീയപാർട്ടികൾ. എൻ.ഡി.എയുടെ സീറ്റ് വിഭജന ചർച്ചകൾ ഇന്നലെ പൂർത്തിയായി. ഏഴ് സംസ്ഥാനങ്ങളിലെ എട്ട്

നിയമസഭാ സീറ്റുകളിലേക്കുള്ള ഉപതിരഞ്ഞെടുപ്പിൻറെ വിജ്ഞാപനവും തിരഞ്ഞെടുപ്പ് കമ്മീഷൻ പുറപ്പെടുവിച്ചു.

***************

## CPI-SEPTEMBER

രാജ്യത്തെ റീട്ടെയിൽ പണപ്പെരുപ്പം ഈ സെപ്റ്റംബറിൽ എട്ട് വർഷത്തെ ഏറ്റവും താഴ്ന്ന നിരക്കായ 1.54 ശതമാനമായി കുറഞ്ഞു. 2025 ഓഗസ്റ്റിൽ ഇത് 2.07 ശതമാനമായിരുന്നു. 2017 ജൂണിന് ശേഷമുള്ള ഏറ്റവും കുറഞ്ഞ വാർഷിക പണപ്പെരുപ്പ നിരക്കാണിതെന്ന് കേന്ദ്ര സ്റ്റാറ്റിസ്റ്റിക്സ് മന്ത്രാലയം പുറത്തുവിട്ട
കണക്കുകൾ വ്യക്തമാക്കുന്നു. അനുകൂലസാഹചര്യങ്ങളും പച്ചക്കറികൾ, എണ്ണ, പഴങ്ങൾ, പയർവർഗ്ഗങ്ങൾ, ധാന്യങ്ങൾ എന്നിവയുടെ വിലയിലുണ്ടായ ഇടിവുമാണ് കുറവിന് കാരണമായി കണക്കാക്കുന്നത്.

***************

## CPR AWARENESS WEEK- HEALTH MINISTRY

കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിൻറെ നേതൃത്വത്തിലുള്ള CPR ബോധവത്കരണ വാരാചരണത്തിന് രാജ്യത്ത് തുടക്കമായി.
ഹൃദയസ്തംഭനം ഉണ്ടാകുന്ന വ്യക്തികളിൽ നടത്തുന്ന ഒരു അടിയന്തിര പ്രഥമ ശുശ്രൂഷയാണ് സിപിആർ അഥവാ കാർഡിയോ പൾമണറി റെസിസിറ്റേഷൻ.
പൊതുജനങ്ങൾക്ക് സിപിആർ പരിശീലനം ഉറപ്പാക്കേണ്ടത് അനിവാര്യമാണെന്ന് കേന്ദ്ര ആരോഗ്യ സെക്രട്ടറി പുണ്യ സലീല ശ്രീവാസ്തവ പറഞ്ഞു. വീടുകൾ, സ്കൂളുകൾ, ഓഫീസുകൾ തുടങ്ങിയ ഇടങ്ങളിൽ കുറഞ്ഞത് ഒരു വ്യക്തിയെങ്കിലും സിപിആർ പരിശീലനം നേടിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തുകയാണ് ഈ മാസം 17 വരെ നീളുന്ന വാരാചരണത്തിലൂടെ ലക്ഷ്യമിടുന്നത്.

***************

## CM PRESS MEET (INTRO)

സംസ്ഥാന വികസനത്തിനായി നവ കേരള വികസന ക്ഷേമ പഠന പരിപാടി നടപ്പാക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. സന്നദ്ധ സേനാഗംങ്ങൾ ജനങ്ങൾക്ക് അരികിലെത്തി നടത്തുന്ന ഈ പഠനം ജനങ്ങളുടെ ആവശ്യവും പ്രതിസന്ധികളും ആഴത്തിൽ മനസ്സിലാക്കാൻ ഉദ്ദേശിച്ചുള്ളതാണ്.
ജനങ്ങൾക്ക് പറയാനുള്ളതെല്ലാം സൂക്ഷ്മാംശത്തിൽ കേട്ട ശേഷം സമഗ്രമായ പഠന റിപ്പോർട്ട് തയ്യാറാക്കും. അത് ക്രോഡീകരിച്ചും

അപഗ്രഥിച്ചും വരുംകാലത്തേക്കുള്ള നാടിൻറെ പുരോഗതി എങ്ങനെ ആകണം എന്ന രൂപരേഖ ഉണ്ടാക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

(ഹോൾഡ്)

മുനമ്പം വിഷയത്തിൽ സർക്കാർ നിയോഗിച്ച ജസ്റ്റിസ് രാമചന്ദ്രൻ നായർ കമ്മീഷൻറെ റിപ്പോർട്ട് പരിശോധിച്ച് തുടർനടപടികൾ മന്ത്രിസഭ ചർച്ച ചെയ്ത് തീരുമാനിക്കുമെന്നും മുഖ്യമന്ത്രി അറിയിച്ചു . റിപ്പോർട്ടിൻമേൽ തുടർനടപടി സ്വീകരിക്കാൻ ഹൈക്കോടതി അനുമതി നൽകിയ സാഹചര്യത്തിലാണ് തീരുമാനം.

***************

## NOBEL PRIZE IN ECONOMIC

സാമ്പത്തിക ശാസ്ത്രത്തിനുള്ള 2025 ലെ നൊബേൽ പുരസ്കാരം മൂന്ന് പേർ പങ്കിട്ടു. നൂതന സാമ്പത്തിക വളർച്ച സംബന്ധിച്ച വിശദീകരണത്തിന് ജൊവേൽ മൊകൈർ, ഫിലിപ്പ് അഘിയോൺ, പീറ്റർ ഹോവിറ്റ് എന്നിവർക്കാണ് പുരസ്കാരം. സാങ്കേതിക പുരോഗതിയും സുസ്ഥിര സാമ്പത്തിക വളർച്ചയും തമ്മിലുള്ള ബന്ധം സംബന്ധിച്ച് ഇവർ നടത്തിയ പഠനങ്ങൾ സർക്കാരുകളുടെ നയരൂപീകരണത്തിലടക്കം സ്വാധീനം ചെലുത്തി.

***************

## Ashwini Vaishnaw (INTRO)

റെയിൽവേ സംരക്ഷണ സേനയിലേക്കുള്ള നിയമനം ഇനി മുതൽ സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ വർഷം തോറും നടത്തുമെന്ന് കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ്. ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് സേനയെ നവീകരിക്കാൻ ലക്ഷ്യമിട്ടുള്ള നിരവധി സംരംഭങ്ങൾക്കും മന്ത്രി തുടക്കം കുറിച്ചു. ഗുജറാത്തിൽ 41-ാമത് ആർപിഎഫ് സ്ഥാപക ദിനാചരണത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

(ഹോൾഡ്)

***************

## REV ISRAEL HOSTAGES

ഗാസയിൽ അവശേഷിച്ചിരുന്ന 20 ബന്ദികളെയും ഇസ്രായേലിന് കൈമാറി ഹമാസ്. യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപിൻറെ സമാധാന പദ്ധതിയുടെ ഭാഗമായാണ് മോചനം. ഇതിന് പകരമായി പലസ്തീനിൽ നിന്നുള്ള രണ്ടായിരത്തോളം തടവുകാരെ ഇസ്രായേൽ മോചിപ്പിക്കും. അതേസമയം, ഡോണൾഡ് ട്രംപ് ഇന്ന് ഇസ്രയേൽ പാർലമെൻറിനെ അഭിസംബോധന ചെയ്യു. രണ്ട് വർഷം നീണ്ട ഇരുണ്ട ദിനങ്ങൾക്ക് ശേഷമാണ് ഹമാസ് ബന്ദികളാക്കിയ 20 പേർ

ഇസ്രയേലിലേക്ക് മടങ്ങുന്നതെന്ന് അദ്ദേഹം പറഞ്ഞു. മോചിപ്പിക്കപ്പെട്ട ബന്ദികളുടെ കുടുംബങ്ങളെയും ട്രംപ് സന്ദർശിക്കും. പിന്നീട് ഷാം എൽ-ഷെയ്ക്കിൽ നടക്കുന്ന സമാധാന ഉച്ചകോടിയിൽ പങ്കെടുക്കാൻ അദ്ദേഹം ഈജിപ്തിലേക്ക് പോകും. ബന്ദികളുടെ മോചനത്തെ ഇന്ത്യ സ്വാഗതം ചെയ്തു. ഡോണൾഡ് ട്രംപിൻറെ സമാധാന ശ്രമങ്ങളെ അഭിനന്ദിച്ച പ്രധാനമന്ത്രി നരേന്ദ്രമോദി, ഇസ്രയേൽ പ്രധാനമന്ത്രി ബെന്യമിൻ നെതന്യാഹുവിൻറെ നിശ്ചയദാർഢ്യത്തെയും പ്രശംസിച്ചു.

***************

## TEST CRICKET - IND VS WI

വെസ്റ്റ് ഇൻഡീസിനെതിരായ രണ്ടാം ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യയ്ക്ക് വിജയത്തിനായി വേണ്ടത് 58 റൺസ് മാത്രം. 121 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ഇന്ത്യ നാലാം ദിനം കളി അവസാനിക്കുമ്പോൾ 1 വിക്കറ്റിന് 63 റൺസ് എന്ന നിലയിലാണ്. വിൻഡീസിന്റെ രണ്ടാം ഇന്നിങ്സ് 390 റൺസിൽ അവസാനിച്ചിരുന്നു. ജസ്റ്റിൻ ഗ്രീവ്സും ജയ്ഡൻ സീൽസും ചേർന്ന് നടത്തിയ ചെറുത്തുനിൽപ്പാണ് വെസ്റ്റ് ഇൻഡീസിനെ ഭേദപ്പെട്ട സ്കോറിൽ എത്തിച്ചത്.

***************

## GST REFORMS 2.0- MAHARASHTRA

കേന്ദ്രസർക്കാർ നടപ്പാക്കിയ ജിഎസ്ടി ഘടനാ പരിഷ്കരണം മഹാരാഷ്ട്രയിലെ വിവിധ മേഖലകൾക്ക് ഗുണം ചെയ്യുതായി വിലയിരുത്തൽ. സംസ്കരിച്ച പഞ്ചസാരയുടെ നികുതി 12 ൽ നിന്ന് 5 ശതമാനമായി കുറച്ചത് സംസ്ഥാനത്തെ 50 ലക്ഷത്തിലധികം കരിമ്പ് കർഷകർക്ക് ഏറെ ഗുണം ചെയ്യും. , സംസ്കരിച്ച മത്സ്യത്തിൻറെ നികുതിനിരക്ക് 12 ൽ നിന്ന് 5 ശതമാനമാക്കിയത് രണ്ട് ലക്ഷത്തിലേറെ മത്സ്യത്തൊഴിലാളികൾക്ക് പ്രയോജനം നൽകുന്ന തീരുമാനമാണ്. കോലാപൂരി ചെരുപ്പ്, തുകൽ ഉത്പന്നങ്ങൾ, വാർലി പെയിൻറിംഗ്, പൈതാനി സാരികൾ എന്നിവയ്ക്കും ജി എസ് ടി 5 ശതമാനമാക്കി കുറച്ചിട്ടുണ്ട്.

***************

## Voters List

സംസ്ഥാനത്ത് തദ്ദേശ തിരഞ്ഞെടുപ്പിനുള്ള വോട്ടർപട്ടികയിൽ പേര് ചേർക്കാനുള്ള സമയം നാളെ അവസാനിക്കും. കരട് വോട്ടർപട്ടികയിൽ ഉൾപ്പെട്ട വോട്ടർമാർക്കും പുതുതായി പേര് ചേർക്കുന്നവർക്കും സവിശേഷ തിരിച്ചറിയൽ നമ്പർ നൽകും. അന്തിമ വോട്ടർപട്ടിക ഈ മാസം 25 ന് പ്രസിദ്ധീകരിക്കും. പ്രവാസി വോട്ടർമാർക്ക് വോട്ടർപട്ടികയിൽ പേര് ചേർക്കാനും അവസരമുണ്ട്. sec.kerala.gov.in എന്ന വെബ്സൈറ്റ് വഴിയാണ് അപേക്ഷിക്കേണ്ടത്.

***************

***************

**********